ജെ 3-5524/2020

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം , തീയതി: 4 .04.2020

## സർക്കുലർ

വിഷയം : പഞ്ചായത്ത് വകുപ്പ് - കോവിഡ് 19 പ്രതിരോധ നടപടികൾ , കുടുംബശ്രീ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ/ജനകീയ ഹോട്ടൽ നടത്തിപ്പ് - സംബന്ധിച്ച്

സൂചന : സർക്കാരിന്റെ 03/04/2020 ലെ 733/2020 തസ്വഭവ നമ്പർ ഉത്തരവ്

കോവിഡ് - 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിറ്റി കിച്ചണും പന്ത്രണ്ടിന പരിപാടിയിൽ ആരംഭിക്കുന്ന ജനകീയ ഹോട്ടലുകളും വേർതിരിച്ച് കാണണം എന്ന് മേൽസൂചന ഉത്തരവിൽ പറയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവയുടെ നടത്തിപ്പിൻറെ കാര്യങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### I കമ്മ്യൂണിറ്റി കിച്ചൺ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കേണ്ടതും ലോക്ക്ഡൌൺ കാലത്ത് സൌജന്യ ഭക്ഷണം തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങൾക്ക് മാത്രം നൽകുവാൻ ഉള്ളതുമാണ്.

### സൌജന്യ ഭക്ഷണം നൽകേണ്ട വിഭാഗങ്ങൾ:

1. അഗതികൾ
2. തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തിയവരും ഇപ്പോൾ ക്യാമ്പിൽ കഴിയുന്നവരുമായ ഭവന രഹിതമായി തെരുവുകളിൽ അന്തിയുറങ്ങിയവർ. (പട്ടിക തയ്യാറാക്കിയിരിക്കണം)
3. അതിഥി തൊഴിലാളികൾ. (ആവശ്യം അനുസരിച്ച് മാത്രം)
4. സാന്ത്വന പരിചരണത്തിലുള്ള ആളുകൾ,കിടപ്പ് രോഗികൾ. (പഞ്ചായത്ത് പട്ടിക പ്രകാരം)
5. ആദിവാസി ഊരുകളിൽ താമസിക്കുന്ന ഭക്ഷണം ആവശ്യമുള്ളവർ
6. ബഡ് സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണം ആവശ്യമുള്ള കുടുംബങ്ങൾ
7. ഭക്ഷണം തയ്യാറാക്കാൻ സാധിക്കാത്ത സാഹചര്യമുള്ള കെയർ ഹോമുകളിലെ അന്തേവാസികൾ
8. സ്വയം പാചകം ചെയ്യാൻ കഴിയാത്ത് കെയർ ഹോമുകളിലെ അന്തേവാസികൾ
9. സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്ത 15 കി.ഗ്രാം അരി ലഭിക്കാത്ത മറ്റ് നിർദ്ധനർ

- ഇപ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക തദ്ദേശ സ്ഥാപനം പരസ്യപ്പെടുത്തുന്നതാണ്. ഇവ വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും അപ് ലോഡ് ചെയ്യേണ്ടതാണ്.

- കമ്മ്യൂറ്റി കിച്ചൺ വഴി സൌജന്യ ഭക്ഷണം ലഭിക്കുന്നവര്ക്ക് മറ്റ് സംവിധാനങ്ങളിലൂടെ സൌജന്യ ഭക്ഷണം ലഭിക്കുന്നില്ലായെന്ന് മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- ഓരോ കമ്മ്യൂണിറ്റി കിച്ചനിലും സൌജന്യ ഭക്ഷണപ്പൊതി നൽകുന്നവരുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതും, ലിസ്റ്റിൽ ഇല്ലാത്തവർ സമീപിച്ചാൽ ആയത് ബോധ്യപ്പെടുത്തേണ്ടതുമാണ്.
- സൌജന്യ ഭക്ഷണം വിതരണം ചെയ്യുന്ന കമ്മ്യൂണിറ്റി കിച്ചണുകള്ക്കുള്ള ധന സഹായം പ്രധാനമായും സുമനസ്സുകളുടെ സ്പോൺസർഷിപ്പ് വഴി ആയിരിക്കണം.
- മതിയായ സ്പോൺസർഷിപ്പ് ലഭ്യമാകാത്ത സാഹചര്യത്തില് ഈ വിടവ് നികത്താന് ഗ്രാമപഞ്ചായത്തുകള്ക്ക് തനത് ഫണ്ട് ഉപയോഗിക്കാം.
- തനത് ഫണ്ട് ഇല്ലാത്ത ഗ്രാപഞ്ചായത്തുകള്ക്ക് വികസന ഫണ്ട് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടുകൂടി ഉപയോഗിക്കാവുന്നതാണ്.
- സൗജന്യ ഭക്ഷണത്തിനു അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സാമൂഹ്യ ക്ഷേമം , ആരോഗ്യം, തൊഴിൽ വകുപ്പുകളുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സൗജന്യമായി നൽകിയ ഭക്ഷണത്തിന്റെയും വിതരണത്തിന്റെയും കണക്കു പ്രത്യേകമായി കാറ്റഗറി തിരിച്ച് തയ്യാറാക്കേണ്ടതാണ്.
- അതില് തെരുവ് നിവാസികള്ക്കും നിരാലംബര്ക്കും അതിഥി തൊഴിലാളികള്ക്കും ചെലവായ തുക ഒരു ദിവസം ഒരാൾക്ക് 60 രൂപ നിരക്കില് SDRF ല് നിന്നും തിരികെ ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്കു reimbursement നായി സമര്പ്പിക്കേണ്ടതാണ്.
- ജനകീയ ഹോട്ടലുകളുടേയും കമ്മ്യൂണിറ്റി കിച്ചണുകളുടേയും കണക്കുകള് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
- നിലവില് 150 മീല്സ് വരെ നല്കുന്നതിന് 2 മുതല് 3 പേര് മാത്രമേ ഒരേ സമയം നിയോഗിക്കാന് പാടുള്ളൂ.
- അധികമായി വരുന്ന ഓരോ 100 മീല്സിനും ഒരു വോളണ്ടിയറെ നിയമിക്കാം.
- കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ് തികച്ചും ഒരു സന്നദ്ധ പ്രവർത്തനം ആണ് . ആകയാൽ ഒരു സന്നദ്ധ പ്രവര്ത്തകനും ഹോണറേറിയം നല്കുവാന് പാടുള്ളതല്ലയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## II ജനകീയ ഹോട്ടല്

- 2020 – 2021 വാര്ഷിക പദ്ധതിയുടെ ഭാഗമായി സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയില് ഉള്പ്പെടുത്തി നടപ്പിലാക്കുന്ന സംരംഭമാണ് ജനകീയ ഹോട്ടല്.

- ജനകീയ ഹോട്ടലുകളില് നിന്നും നല്കുന്ന ഭക്ഷണം 20 രൂപക്കാണ് നല്കേണ്ടത്.
- പാര്സല് ആയി കൊടുക്കുന്ന സംവിധാനം ഉണ്ടെങ്കില് 25 രൂപ നിരക്കില് ഈടാക്കാവുന്നതാണ്.
- ജനകീയ ഹോട്ടലുകളുടെ നടത്തിപ്പ് സംരംഭ മാതൃക ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്..
- ജനകീയ ഹോട്ടലുകളിലേക്ക് സിവില് സപ്ലൈസില് എസ്റ്റാബ്ലിഷ്മെന്റ് പെര്മിറ്റ് വഴി ലഭിക്കുന്ന 10.90 രൂപയുടെ അരി ഉപയോഗിക്കാവുന്നതാണ്.
- ജില്ല പഞ്ചായത്തില് നിന്നും 10,000 /- രൂപയും ബ്ലോക്ക് പഞ്ചയത്തില് നിന്നും 20,000/- രൂപയും തദ്ദേശസ്വയംഭരണവകുപ്പിന്റെ 45/2020/നം ആയ 06/03/2020 ലെ ഉത്തരവ് പ്രകാരം വര്ക്കിംഗ് ഗ്രാന്റ് ആയി ജനകീയ ഹോട്ടലുകളില് ലഭ്യമാകുന്നതാണ്.
- ടി ഹോട്ടല് സജ്ജമാക്കുന്നതിന് ആവശ്യമായ കെട്ടിടം വെള്ളം വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങള് ഗ്രാമപഞ്ചായത്തുകള് ഏര്പ്പെടുത്തി കൊടുക്കേണ്ടതാണ്.
- ജനകീയ ഹോട്ടലായി നടത്തുന്നതിനൊപ്പം കമ്മ്യൂണിറ്റി കിച്ചണ് കൂടി പ്രവര്ത്തിക്കുന്നുവെങ്കില് കണക്കുകള് പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതാണ്.

4/4/20

**ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടര്**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്മാര്ക്കും**

**എല്ലാ പഞ്ചയാത്ത് അസിസ്റ്റന്റ് ഡയറക്ടര്മാര്ക്കും**

**എല്ലാ പെര്ഫോമന്സ് ഓഡിറ്റ് സൂപ്പര്വൈസര്മാര്ക്കും (പഞ്ചയാത്ത് അസിസ്റ്റന്റ് ഡയറക്ടര് മുഖാന്തിരം)**

**എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാര്ക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്മാര് മുഖാന്തിരം)**